**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 455** **08-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി സി.ഇ.ഒ-യുടെ ശമ്പളവും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ സർവീസിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർ നിലവിൽ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നത്; ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ; | (എ) | പുനർ നിയമനം നൽകിയതും, ഐ.എ.എസ് ൽ നിന്നും വിരമിച്ചതുമായ 4 ഉദ്യോഗസ്ഥരാണ് കിഫ്ബിയിൽ ജോലി ചെയ്യുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കിഫ്ബി സി.ഇ.ഒ യുടെ ശമ്പളവും ആനുകൂല്യങ്ങളും നിലവിൽ എത്രയാണ്; ഇനം തിരിച്ച് വ്യക്തമാക്കുമോ; നാളിതുവരെ എത്ര തവണ ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിച്ച് നൽകിയെന്നും ഓരോ തവണയും നൽകിയ വർധനവ് എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കിഫ്ബി സി.ഇ.ഒ യു ടെ നിലവിലെ ശമ്പളം 3,87,750 രൂപയാണ്. നാളിതുവരെ 5 തവണ ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിച്ച് നൽകിയിട്ടുണ്ട്. അവ, 2019 ജനുവരിയിൽ 27,500 രൂപയും, 2020 ജനുവരിയിൽ 27,500 രൂപയും, 2022 ജനുവരിയിൽ 19,250 രൂപയും, 2023 ജനുവരിയിൽ 19,250 രൂപയും, 2024 ഏപ്രിൽ മാസത്തിൽ 19,250 രൂപയും ആണ്. |
| (സി) | നാളിതുവരെ കിഫ്ബി സി.ഇ.ഒ ശമ്പളവും ആനുകൂല്യങ്ങളുമായി ആകെ എത്ര തുക കൈപ്പറ്റിയെന്നതിന്റെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | 2018 ജനുവരി മുതൽ ശമ്പള ഇനത്തിൽ 2,66,19,704 രൂപയും, ഉത്സവബത്ത ഇനത്തിൽ 19,250 രൂപയും, ലീവ് സറണ്ടർ ഇനത്തിൽ 6,84,750 രൂപയും ഉൾപ്പെടെ ആകെ 2,73,23,704 രൂപ നാളിതുവരെ ( 6 വർഷവും 9 മാസവും) കൈപ്പറ്റിയിട്ടുണ്ട്. കിഫ്ബി സി.ഇ.ഒ എന്ന ജോലിയ്ക്ക് പുറമെ ഈ ഉദ്യോഗസ്ഥൻ ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്ന പദവിയും, K-DISC ന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ എന്ന പദവിയും വഹിക്കുന്നുണ്ട്. പ്രസ്തുത പദവികൾക്ക് പ്രതിഫലം ഒന്നും കൈപ്പറ്റുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തിക | നിലവിൽ നൽകുന്ന ശമ്പളം രൂപയിൽ (2024 സെപ്റ്റംബർ മാസം) |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 3,87,750 |
| അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1,88,502 |
| സ്പെഷ്യൽ സെക്രട്ടറി | 1,10,906 |
| സീനിയർ ജനറൽ മാനേജർ | 1,11,647 |

ACCOUNTS OFFICER